# Fulltimer's Jubilee Launch on May 15, 2016

എം.സി./ലീഡർ ആമുഖം നൽകുന്നു:

ഫുൾടൈമേഴ്സ് പ്രൊജക്ട് ജീസസ് യൂത്ത് മൂവ്മെന്റിന്റെ സുപ്രധാനമായ ഒരു തുടക്കവും മുന്നേറ്റത്തിന്റെ ഒരു നാഴികക്കല്ലുമാണ്. 1991-ൽ ഒരു ജീസസ് യൂത്തിന് പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രചോദനം ലഭിച്ചതിന്റെ പ്രത്യുത്തരമായി മുതിർന്നവരുടെയും നേതാക്കന്മാരുടെയും നിർദേശങ്ങളെ മാനിച്ചുകൊണ്ട് അദ്ദേഹം നടത്തിയ ഒരു പ്രേഷിത ദൗത്യത്തിന്റെ ഫലമാണ് ഈ പ്രൊജക്ട്. ദൈവരാജ്യത്തിനുവേണ്ടി ഒരു വർഷം മുഴുവനായി നീക്കിവയ്ക്കാനുള്ള യുവാക്കളുടെ പ്രതിബദ്ധതിയിലേക്ക് ഇതു നയിച്ചു. അതിനു തയ്യാറായ യുവതീയുവാക്കളെ ഒരു വർഷം നീണ്ടുനിൽക്കുന്ന പരിശീലനത്തിലേക്ക് ഇത് രൂപപെട്ടു. അവർ ഏറ്റെടുത്ത പ്രേക്ഷിതപ്രഖ്യാപനത്തിന്റെ ഉള്ളടക്കം "ഒരു മാസത്തെ പരിശീലനം, ഒരു വർഷത്തെ രൂപീകരണം, ആജീവനാന്ത പ്രതിബദ്ധത".

1992-ൽ തങ്ങളുടെ ഡിഗ്രി പഠനം പൂർത്തിയാക്കിയ 27 യുവത്തിടമ്പുകൾ ഈ തീവ്രപരിശീലനത്തിന് തയ്യാറായി വരികയും ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രേഷിത ദൗത്യത്തിനായി ആദ്യ ബാച്ച് ജീസസ് യൂത്ത് ഫുൾടൈമേഴ്സ് രംഗത്തെത്തുകയും ചെയ്തു. തുടർ വർഷങ്ങളിൽ ബാച്ചുകൾ തുടർന്നതോടൊപ്പം 1995-മുതൽ കോഴിക്കോട് സോണിനുവേണ്ടി മാത്രമായും 1998-മുതൽ ഡൽഹിക്കുവേണ്ടിയും ഫുൾടൈമേഴ്സ് ട്രെയിനിംഗ് അന്തർദേശീയതലത്തിൽ ആവശ്യമാണെന്ന നിർദേശം വന്നതോടെ 2006 മുതൽ (തുടക്കം ശ്രീലങ്ക) ആ തലത്തിലും ട്രെയനിംഗുകൾ നടന്നുകൊണ്ടിരുന്നു. 2015-ൽ ആഫ്രിക്കക്കുവേണ്ടി മാത്രമായും ഒരു ട്രെയിനിംഗ് ഉഗാണ്ടയിൽ നടത്തപ്പെട്ടു. ഈ വർഷം ഫുൾടൈമേഴ്സ് പ്രൊജക്ടിന്റെ ജൂബിലി വർഷമാണ്. അതിനായി 25-ാം ബാച്ച് ട്രെയിനിംഗ് മെയ് 28-ാം തീയതി ആരംഭിക്കുകയും തെരഞ്ഞെടുക്കപ്പെട്ടവർ ഒരുങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

നാളിതുവരെ, ഒരു വർഷം നീണ്ട ഈ പ്രതിബദ്ധതയിലൂടെ കടന്നുപോയവരെയും അവരെ പരിശീലിപ്പിക്കുയും നയിക്കുകയും ചെയ്ത മുതിർന്നവരെയും നേതാക്കളെയും അവരുടെ അമൂല്യമായ സേവനത്തിന് നന്ദിനിറഞ്ഞ ഹൃദയത്തോടെ അനുസ്മരിക്കുന്നു. കഴിഞ്ഞ വർഷങ്ങളിലായി 1600 ഓളം യുവജനങ്ങൾ ഈ പ്രൊജക്ടിലൂടെ കടന്നു പോയി. ഒരു പ്രത്യേക വിശേഷം ഇതിൽ 50 വൈദികരും 40 കന്യാസ്ത്രീകളും ഉണ്ടെന്നുള്ളതാണ്.

ജീസസ് യൂത്ത് മൂവ്മെന്റിന് ഫുൾടൈമേഴ്സ് പ്രൊജക്ട് ഒരു സുപ്രധാന തുടക്കം തന്നെയാണ്. ഒരു വർഷം പൂർത്തിയാക്കിയ ഈ മിഷണറിമാർ തുടർന്നും സഭയിലും ജീസസ് യൂത്തിലും സജീവപങ്കാളിത്തം ഏറ്റെടുത്തുകൊണ്ട് തങ്ങളുടെ ദൗത്യം തുടരുന്നു. അവരെ ഓരോരുത്തരെയും ഓർത്തുകൊണ്ട് ഞങ്ങൾ നല്ല ദൈവത്തിന് നന്ദിപറയുന്നതോടൊപ്പം നമ്മുടെ കൊച്ചുകേരളത്തിനും ഇൻഡ്യാമഹാരാജ്യത്തിനും അപ്പുറത്തേക്കും ജീസസ് യൂത്ത് മുന്നേറ്റത്തെ കൈപിടിച്ച് നയിച്ചതിനും അവർക്കുള്ള പങ്കിനെ നന്ദിയോടെ ഓർക്കുന്നു.

തിരുസഭയിൽ കാരുണ്യവർഷമായി പ്രഖ്യാപിക്കപ്പെട്ട ഈ വർഷം തന്നെ ഫുൾടൈമേഴ്സ് പ്രൊജക്ടിന്റെ ജൂബിലിയും ചേർന്ന് വന്നത് ഒരു വലിയ ദൈവകൃപയായി ഞങ്ങൾ കാണുന്നു. ഇന്ന് നാം ഫുൾടൈമേഴ്സ് പ്രൊജക്ടിന്റെ രജതജൂബിലി ഉദ്ഘാടനം ചെയ്യുകയാണ്. ജൂബിലി ആഘോഷം മുൻകാല ഫുൾടൈമേഴ്സിനും അവരുടെ കുടുംബാംഗങ്ങൾക്കും അവരെ മുൻകാലത്ത് നയിച്ച നേതാക്കൾക്കും മുതിർന്നവർക്കും ഒന്നിച്ചു വരുവാനും തങ്ങൾ ഏറ്റെടുത്ത "ഒരിക്കൽ ഒരു പ്രേഷിതൻ എക്കാലത്തെയും പ്രേഷിതൻ" (Once a Missioner always a Missioner) എന്ന മുദ്രാവാക്യം ഒന്നു പുതുക്കി സ്വീകരിക്കുവാനും ഒരു വേദിയാണ്. സകലരുടെയും സഹകരണത്തോടുകൂടി മാത്രമേ ഈ സ്വപ്നം യാഥാർഥ്യവല്ക്കരിക്കപ്പെടുകയുള്ളൂ. നിങ്ങളുടെ മേഖലയിൽ ഈ പ്രൊജക്ടിലൂടെ കടന്നുപോയവരെ നേരിൽ കാണുവാനും സ്നേഹപൂർവം ക്ഷണിക്കുവാനും നിങ്ങൾ പ്രത്യേകം താൽപര്യമെടുക്കേണ്ടതുണ്ട്.

മുൻകാല ഫുൾടൈമേഴ്സിന് തങ്ങളുടെ ആദ്യകാല അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഒരു പുനർ പ്രതിബദ്ധതയ്ക്കും ലേകമെങ്ങും സുവിശേഷം എത്തിക്കാനുള്ള ഒരു തീവ്രമായ പ്രയത്നത്തിലേക്കും ചുവടുവെയ്ക്കാനുള്ള ഒരു അവസരമാകട്ടെ ഇത്.

നാം വിഭാവനം ചെയ്യുന്ന ജൂബിലി വർഷ പരിപാടികൾ ഇങ്ങനെയാണ്:

- മധ്യസ്ഥ പ്രാർഥനാ ദിനം (റീജിയണൽ) 2016 ജൂലൈ 10, ഞായർ
- ജൂബിലി നന്ദി പ്രകാശന ദിവ്യബലിയാഘോഷം (റീജിയണൽ) - ഓഗസ്റ്റ് - സെപ്റ്റംബർ 2016
- ജൂബിലി കോൺഫറൻസ് (രാജഗിരി ക്യാമ്പസ് കളമശ്ശേരി കൊച്ചി) 2016 ഡിസംബർ 28-31

ഈ ജൂബിലി വർഷത്തിൽ കത്തോലിക്കാ സഭയിലെ മാധ്യമപ്രവർത്തകർ മുൻകാല ഫുൾടൈമേഴ്സിനെ സമീപിച്ച് അവരുടെ അനുഭവസാക്ഷ്യം രേഖപ്പെടുത്താൻ സാധ്യതയുണ്ട്. പ്രത്യേകിച്ച് അൽമായ പ്രേഷിത പരിശീലന പരിപാടിക്ക് ആയിരിക്കണം ഊന്നൽ നൽകുന്നത്. ഇത് ആഗോള തിരുസഭംഗങ്ങൾക്ക് അൽമായ പ്രേഷിത സാധ്യതകളെക്കുറിച്ച് പ്രബുദ്ധരാകുന്നതിനും ഇങ്ങിനെയുള്ള പ്രേഷിത വെല്ലുവിളികൾ ഏറ്റെടുക്കുവാൻ സന്നദ്ധതയുള്ള യുവഹൃദയങ്ങളെ ഒരുക്കുന്നതിനും സഹായകരമാകും.

**എം.സി/ലീഡർ ഫുൾടൈമേഴ്സിനെ/ഫോർറണ്ണേഴ്സിനെ സ്റ്റേജിന്റെ മുൻവശത്തേക്ക് ക്ഷണിക്കുന്നു. തങ്ങളുടെ പക്കലുള്ള പ്രാർഥനാ കാർഡും തിരിയുമായി അവർ മുന്നോട്ടു വരുന്നു.**

ലീഡർ/എം.സി. പ്രാർഥന നയിക്കുന്നു
സ്വർഗീയ പിതാവേ, ജീസസ് യൂത്തിന്റെ ഫുൾടൈമേഴ്സ് പ്രൊജക്ടിനായി അങ്ങേക്ക് ഞങ്ങൾ നന്ദി പറയുകയും അങ്ങയെ സ്തുതിക്കുകയും ചെയ്യുന്നു. തങ്ങളുടെ ജീവിതത്തിലെ പ്രധാനപ്പെട്ട ഒരു വർഷം തിരുസഭാ സേവനത്തിനായി മാറ്റിവച്ച ഫുൾടൈമേഴ്സിന് ഈ ജൂബിലി വർഷം അനുഗ്രഹവർഷമായിരിക്കട്ടെ. അങ്ങയോടും ജീസസ് യൂത്ത് മൂവ്മെന്റിനോടും വിശ്വസ്തതയിൽ തുടരുന്നതിനുള്ള കൃപ അവർക്ക് നൽകണമേ.

സ്നേഹം തന്നെയായ യേശുവേ, അവരുടെ ജീവിതം അങ്ങയെ കേന്ദ്രീകരിച്ചു മാത്രമായിരിക്കാൻ അവരെ ശക്തിപ്പെടുത്തണമേ.

പരിശുദ്ധാത്മാവേ, അങ്ങയുടെ അഗ്നിയാൽ അവരെ നിറയ്ക്കണമേ. ജീവിതകാലം മുഴുവൻ ഒരു മിഷനറിയായി നിലനില്ക്കുന്നതിനുള്ള ആഗ്രഹം അവരിൽ ആഴപ്പെടുത്തണമേ.

അപ്പസ്തോലന്മാരുടെ രാജ്ഞിയായ മറിയമേ, മുഖ്യദൂതനായ വി. മിഖായേലേ, വി.ഫ്രാൻസിസ് അസീസി, സകല മാലാഖമാരേ, വിശുദ്ധരേ, വിശുദ്ധിയിൽ വളരുന്നതിനും ഈ ജൂബിലി വർഷം കൃപയുടെ ഒരു വർഷമായിത്തീരുന്നതിനും അവരെ സഹായിക്കണമേ.

തുടർന്ന്, ഫോർറണ്ണേഴ്സിൽ ഏറ്റവും പ്രായമുള്ള ആളും ഏറ്റവും പ്രായം കുറഞ്ഞതുമായ വ്യക്തികൾ തങ്ങളുടെ പ്രേഷിത ദൗത്യം അതിന്റെ പൂർണതയിൽ ജീവിക്കുന്നതിനുള്ള കൃപയ്ക്കായി യാചിക്കുന്നു. പിന്നീട് ഫോർ റണ്ണേഴ്സ് മുട്ടിന്മേൽ നില്ക്കുമ്പോൾ സമൂഹം ഒന്നടങ്കം കൈകളുയർത്തി സ്തുതി, ആരാധന നടത്തുന്നു.

ഇപ്പോൾ ഫോർറണ്ണേഴ്സ് തങ്ങളുടെ പക്കലുള്ള തിരികൾ കത്തിച്ചു പിടിച്ചുകൊണ്ട് പ്രാർഥിക്കുന്നു:

സ്വർഗീയ പിതാവേ, ഞങ്ങൾ ജീസസ് യൂത്ത് ഫുൾടൈമേഴ്സ് ഞങ്ങളുടെമേൽ ചൊരിഞ്ഞ സകല അനുഗ്രഹങ്ങൾക്കുമായി ഈ ജൂബിലി വർഷത്തിൽ അങ്ങേയ്ക്ക് നന്ദി പറയുന്നു. ഞങ്ങളുടെ ജീവിതകാലം മുഴുവൻ അങ്ങയോടും ജീസസ് യൂത്ത് മൂവ്മെന്റിനോടും വിശ്വസ്തരായിരിക്കാനുള്ള കൃപ ഞങ്ങൾക്ക് പ്രദാനം ചെയ്യണമേ.

സ്നേഹം തന്നെയായ യേശുവേ, അങ്ങിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ജീവിക്കാൻ ഞങ്ങളെ ശക്തരാക്കണമേ.

പരിശുദ്ധാത്മാവേ, അവിടുത്തെ അഗ്നിയാൽ ഞങ്ങളെ ജ്വലിപ്പിക്കുകയും ജീവിതകാലം മുഴുവൻ പ്രേഷിത ചൈതന്യത്തിൽ ജീവിക്കാൻ ശക്തരാക്കുകയും ചെയ്യേണമേ.

അപ്പസ്തോലന്മാരുടെ രാജ്ഞിയായ മറിയമേ, മുഖ്യദൂതനായ വി. മിഖായേലേ, വി. ഫ്രാൻസിസ് അസീസി, സകല മാലാഖമാരേ, വിശുദ്ധരേ, വിശുദ്ധിയിൽ വളരാനും ഈ ജൂബിലി വർഷം കൃപയാൽ സമ്പന്നമായ ഒരു വർഷമായി മാറ്റാനും ഞങ്ങളെ സഹായിക്കണമേ. ആമേൻ.

പ്രതിബദ്ധതാ പ്രാർഥന/റീ കമിറ്റ്മെന്റ് ചടങ്ങുകൾ തുടരുന്നു. തുടർന്ന്, മധ്യസ്ഥ പ്രാർഥന.... സമാപനം.